**27/02/2019 ന് മഞ്ചേരി നഗരത്തിലെ ബസ്സുകളുടെ ട്രാഫിക് പരിഷ്കരണവുമായി ബന്ധപ്പെട്ട് ആർ.റ്റി.എ അംഗങ്ങളും ബസ്സുടമ പ്രതിനിധികളുമായി ബഹു. ആർ.റ്റി.എ ചെയർമാന്റെ അധ്യക്ഷതയിൽ നടത്തിയ ചർച്ചയുടെ പ്രധാന തീരുമാനങ്ങൾ:**

1) നെല്ലിപ്പറമ്പ്-നിലമ്പൂർ- പാണ്ടിക്കാട് നിലവിലെ സ്ഥിതി തുടരുക
2) മലപ്പുറം -തിരൂർ- പെരിന്തൽമണ്ണ നിലവിലെ സ്ഥിതി തുടരുക
3) തൃപ്പനച്ചി-കീഴ്ശ്ശേരി നിലവിലെ സ്ഥിതി തുടരുക
4) കോഴിക്കോട്-കൊണ്ടോട്ടി

എ) നെല്ലിപ്പറമ്പിൽ നിന്നും വരുന്ന ബസ്സുകൾ ജസീല ജംഗ്ഷൻ ഇടത്തോട്ട് തിരിഞ്ഞ് സി.എച്ച് ബൈപാസ് വഴി SHBT യിൽ കയറി സെൻട്രൽ ജംഗ്ഷൻ-മെഡിക്കൽ കോളേജ് കച്ചേരിപ്പടി വഴി IGBT യിൽ എത്തുക. IGBT യിൽ പുറപ്പെടേണ്ട സമയത്ത് തുറക്കൽ ബൈപാസ് വഴി പുറപ്പെടുക.

ബി) കോഴിക്കോട്- നെല്ലിപ്പറമ്പ് (തിരിച്ചുവരുന്നത്.)

തുറക്കൽ നിന്ന് രാജീവ് ഗാന്ധി ബൈപാസ്-സി എച്ച് ബൈപാസ്- എസ്.എച്ച് ബി.ടി യിലെത്തി തിരിച്ച് സി എച്ച് ബൈപാസ് ജസീല ജംഗ്ഷൻ നെല്ലിപ്പറമ്പ് (നിലവിലെ സ്ഥിതി)

സി) മഞ്ചേരി ഹാൾട്ട്

തുറക്കൽ- രാജീവ് ഗാന്ധി ബൈപാസ്, സി.എച്ച് ബൈപാസ്- എസ്.എച്ച്.ബി.ടിയിൽ കയറി സെൻട്രൽ ജംഗ്ഷൻ-മെഡിക്കൽ കോളേജ്-കച്ചേരിപ്പടി IGBT യിൽ ഹാൾട്ട്- അവിടെ നിന്നും സമയത്തിന് തുറക്കൽ വഴി തിരിച്ചുപോവുക.

1) മേൽ തീരുമാനങ്ങൾ മൂന്നാഴ്ചത്തേക്ക് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതും ശേഷം പരിശോധനയക്ക് വിധേയമാക്കിയതിന് ശേഷം തീരുമാനമെടു ക്കാവുന്നതാണ്.
2) IGBT - ഓപ്പറേഷൻ സെന്റർ ആയ കോഴിക്കോട് ഭാഗത്തേക്കുള്ള ബസ്സുകൾ (കെ.എസ്. ആർ.ടി.സി ഉൾപ്പെടെ) SHBT യിൽ ട്രാക്കിൽ നിർത്തിയിടരുത്. അവ ബസ്സ് സ്റ്റാൻഡിൽ പാർക്ക് ചെയ്ത് പോകുവാൻ മാത്രമേ പാടുള്ളൂ.
3) മേൽ തീരുമാനങ്ങൾ നടപ്പിലാക്കുമ്പോൾ ഏതെങ്കിലും ബസ്സുകൾക്ക് സമയക്രമത്തിൽ മാറ്റം ആവശ്യമുള്ളപക്ഷം മൂന്നാഴ്ചയ്ക്കുശേഷം പരിശോധിച്ച് തീരുമാനമെടു ക്കുന്നതാണ്.
4) മേൽ തീരുമാനങ്ങൾ മാർച്ച് 1 മുതൽ നടപ്പിലാക്കുന്നതാണ്
5) IGBT യിൽ പോലീസ്, എം.വി.ഡി ക്ക് ഓരോ കൺട്രോൾറൂമുകൾ അനുവദി ക്കേണ്ടതാണ്.
6) മാർച്ച് 15 മുതൽ ബസ്സുടമകൾക്ക് സി.എഫ് ടെസ്റ്റിന് വരുമ്പോൾ ഐ ഡി ടി. ആറിൽ നിന്നും പരിശീലനം വിജയകരമായി പൂർത്തിയാക്കി എന്ന സർട്ടിഫിക്കറ്റ് ഡ്രൈവർക്ക് നിർബന്ധമാണ്. ഇതിനായി ഐഡി ടി.ആറിൽ (ഫോൺ: 0494 2100100)വിളിച്ച് പരിശീലന തീയ്യതി ബുക്ക് ചെയ്യേണ്ടതാണ്.

ആർ.ടി.എ അംഗങ്ങളുടെ അംഗീകാരത്തോടെ

സെക്രട്ടറി

ആർ.ടി.എ. മലപ്പുറം

പകർപ്പ്

1) ജില്ലാ കലക്ടർ, മലപ്പുറം
2) ജില്ലാ പോലീസ് ചീഫ്, മലപ്പുറം
3) ജില്ലാ ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം
4) സെക്രട്ടറി മഞ്ചേരി മുനിസിപ്പാലിറ്റി, മലപ്പുറം
5) എൻ.ഐ.സി. മലപ്പുറം